(സി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എംപ്ലോയ്മെന്റ് എക്സ്ചേഞ്ചു മുഖേന എത്ര പേർക്ക് തൊഴിൽ നൽകിയിട്ടുണ്ട്; ഇവരിൽ സ്ത്രീകൾ, പുരുഷൻമാർ, വികലാംഗർ എന്നിവർ എത്ര വീതമെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ)	എം.ബി.ബി.എസ്.	:	824
	എഞ്ചിനീയറിംഗ്	:	9,395
	ഹോമിയോ	:	795
	ആയുർവേദം	:	849

(ബി) 31-3-2005 വരെ 3,723,836 പേർ പേര് രജിസ്റ്റർ ചെയ്തിട്ടുണ്ട്. അവരിൽ 21,40,525 പേർ സ്ത്രീകളും, 1,583,311 പേർ പുരുഷൻമാരും ആണ്.

(സി) 5/2001 മുതൽ 3/2005 വരെ 43,595 പേർക്ക് എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന ജോലി ലഭിച്ചിട്ടുണ്ട്. ഇവരിൽ 19,215 പേർ സ്ത്രീകളും 24,380 പേർ പുരുഷൻമാരും 4428 പേർ വികലാംഗരുമാണ്.

"കൊണ്ടോട്ടിയിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച്"

51[513] *ശ്രീ. കെ. എൻ. എ. ഖാദർ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊണ്ടോട്ടിയിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് ആരംഭിക്കുമെന്ന് ബഹു. തൊഴിൽ വകുപ്പുമന്ത്രിയുടെ പ്രഖ്യാപനത്തിൻമേൽ എന്തെങ്കിലും തുടർനടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ഇതു സംബന്ധിച്ച് ഇതുവരെ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) & (ബി) കൊണ്ടോട്ടിയിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് തുടങ്ങുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലാണ്.

സംസ്ഥാനത്തെ ഐ.ടി.ഐ. കൾ സ്വയംഭരണ സ്ഥാപനങ്ങളാക്കാനുള്ള തീരുമാനം

52[514] *ശ്രീ. പി. എസ്. സുപാൽ:*
,, *പി. നാരായണൻ:*
,, *എൻ. രാജൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

GPM. 2/573/2012—14

LIBRARY ARCHIVES Kerala Legislative Assembly

(എ) സംസ്ഥാനത്തെ ഐ.ടി.ഐ.-കൾ സ്വയംഭരണ സ്ഥാപനങ്ങളാക്കാൻ തീരുമാനിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അവ ഏതെല്ലാം;

(ബി) സ്വയംഭരണ സ്ഥാപനങ്ങളായി മാറുന്നതോടൊപ്പം മാനേജിംഗ് കമ്മിറ്റികൾ രൂപീകരിക്കാൻ തീരുമാനിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇത്തരം മാനേജിംഗ് കമ്മിറ്റിയുടെ ഘടന എന്താണെന്ന് വ്യക്തമാക്കുമോ;

(സി) എൻ.സി.വി.ടി. യുടെ അംഗീകാരമുള്ള ട്രേഡുകൾ നിറുത്തലാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ 2005-2006-ൽ ഇത്തരത്തിലുള്ള എത്ര യൂണിറ്റുകൾ പൂട്ടാൻ നിർദ്ദേശം നൽകിയിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ഇല്ല.

(ബി) ബാധകമല്ല.

ഐ.ടി.ഐ. കളിൽ ഇപ്പോൾത്തന്നെ ഡയറക്ടർ ജനറൽ ഓഫ് എംപ്ലോയ്മെന്റ് ആന്റ് ട്രെയിനിംഗിന്റെ നിർദ്ദേശപ്രകാരം രൂപീകരിക്കപ്പെട്ട ഇൻസ്റ്റിറ്റ്യൂട്ട് മാനേജ്മെന്റ് കമ്മിറ്റികൾ നിലവിലുണ്ട്. എന്നാൽ കേന്ദ്രാവിഷ്കൃത പദ്ധതിയായ 'സെന്റേഴ്സ് ഓഫ് എക്സലൻസ്' ആയി തെരഞ്ഞെടുത്ത, കളമശ്ശേരി, ചാക്ക, പന്തനത്തോപ്പ്, ചാലക്കുടി, ഏറ്റുമാനൂർ ഐ.ടി.ഐ.-കളിൽ ഈ പദ്ധതി നടപ്പാക്കുന്നതിന് പ്രത്യേകമായി ഇൻസ്റ്റിറ്റ്യൂട്ട് മാനേജ്മെന്റ് കമ്മിറ്റികൾ രൂപീകരിച്ചിട്ടുണ്ട്. അതിൽ വ്യവസായ പ്രതിനിധികൾ, ഐ.ടി.ഐ. പ്രിൻസിപ്പൽ, വിദ്യാർത്ഥി പ്രതിനിധി, പി.ടി.എ. പ്രസിഡന്റ്, വ്യവസായ പരിശീലന വകുപ്പിന്റെ കേന്ദ്ര സംസ്ഥാന സർക്കാർ പ്രതിനിധികൾ ഉൾപ്പെടെ മൊത്തം 12 അംഗങ്ങളാണ് ഉള്ളത്.

(സി) കോഴ്സുകളുടെ 'നവീകരണം' അഥവാ 'റിവാമ്പിംഗി'ന്റെ ഭാഗമായി പഴയ ചില ട്രേഡുകൾ നിർത്തലാക്കി പകരം നൂതനവും തൊഴിലധിഷ്ഠിതവുമായ ചില പുതിയ ട്രേഡുകൾ തുടങ്ങുവാൻ ഉദ്ദേശിക്കുന്നു. അതിന്റെ വിശദ വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.†

കയ്യൂർ സർക്കാർ ഐ.ടി.ഐ. യുടെ പദവി ഉയർത്തൽ

53[515] *ശ്രീ. കെ. പി. സതീശ് ചന്ദ്രൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിലെ കയ്യൂർ ഗവൺമെന്റ് ഐ.ടി.ഐ. മാതൃകാ ഐ.ടി.ഐ. യായി അപ്ഗ്രേഡ് ചെയ്യുന്നതു സംബന്ധിച്ച നടപടികൾ ഏത് ഘട്ടത്തിലാണ്; ഇതിന്റെ ഭാഗമായി പുതുതായി എന്തെല്ലാം സൗകര്യങ്ങളാണ് ഏർപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നത്;

---

† അനുബന്ധം X.

LIBRARY ARCHIVES Kerala Legislative Assembly

(ii) പോസ്റ്റ് ഗ്രാഡ്വേറ്റ്സ് ആൻറ് ഈക്വൽ കോഴ്സ്

റെഗുലർ കോഴ്സ്	170	X	10	=	1700 രൂപ
ഹോസ്റ്റലൽ	240	X	10	=	2400 രൂപ

(റിസോഴ്സ് അലവൻസ് പ്രതിമാസം 100 രൂപ)

ഇതുകൂടാതെ അസ്ഥി സംബന്ധമായി വൈകല്യമുള്ളവർക്ക് പ്രതിമാസം 25 രൂപ നിരക്കിൽ പ്രത്യേക ഉപകരണങ്ങൾ ഉപയോഗിക്കുന്നതിനും, കൺവെയൻസ് അലവൻസായി പ്രതിമാസം 50 രൂപ നിരക്കിലും നൽകി വരുന്നു.

2 ബുദ്ധിമാന്ദ്യം സംഭവിച്ചവർക്കുള്ള ധനസഹായം

സംസ്ഥാനത്ത് സന്നദ്ധ സംഘടനകൾ നടത്തുന്ന സ്പെഷ്യൽ സ്കൂളുകളിൽ പഠിക്കുന്ന ബുദ്ധിമാന്ദ്യം സംഭവിച്ച കുട്ടികൾക്ക് പ്രതിമാസം 75 രൂപ നിരക്കിൽ സ്കോളർഷിപ്പും, വസ്ത്രം, പാഠ്യോപകരണങ്ങൾ എന്നിവ വാങ്ങുന്നതിന് പ്രതി വർഷം 150 രൂപയും അനുവദിച്ചു നൽകുന്നു. (ആകെ ഒരു വർഷം 900 രൂപ.)

അനുബന്ധം —X

[8-7-2005-ലെ നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 52 (514)-ന്റെ ഉത്തരം ദയവായി കാണുക]

ക്രമ നമ്പർ	*ഐ. ടി. ഐ. യുടെ പേര്*	*നിലവിലുള്ള ട്രേഡ്*	*2005-2006-ൽ പുതുതായി ആരംഭിക്കുന്ന ട്രേഡ്*
(1)	(2)	(3)	(4)
1. ദീർഘകാല കോഴ്സുകൾ			
(1 വർഷം മുതൽ 2 വർഷം വരെ കാലയളവുള്ളവ)			
1.	കണ്ണൂർ	ഫൗണ്ട്രിമാൻ	മെക്കാനിക് മെക്കാട്രോണിക്സ്.
2.	കോഴിക്കോട്	എം.ആർ.ടി.വി.	മെക്കാനിക് കമ്പ്യൂട്ടർ ഹാർഡ്വെയർ
3.	മലപ്പുറം	ഹോർജർ ആന്റ് ഹീറ്റ് ട്രീറ്റർ	ലിഫ്റ്റ് മെക്കാനിക് ഓപ്പറേറ്റർ

LIBRARY ARCHIVES Kerala Legislative Assembly.

(1)	(2)	(3)	(4)
4	ഏറ്റുമാനൂർ	കാർപെന്റർ	ആർക്കിടെക്ചറൽ അസിസ്റ്റന്റ്
5	പള്ളിക്കത്തോട്	എം. ആർ. ടി. വി.	മെക്കാനിക് കമ്പ്യൂട്ടർ ഹാർഡ്വെയർ
6	കൊല്ലം	1. ഫൗണ്ട്രിമാൻ	1. ലിഫ്റ്റ് മെക്കാനിക് ഓപ്പറേറ്റർ
		2. ഫോർജർ ആന്റ് ഹീറ്റ് ട്രീറ്റർ	2. ഹെൽത്ത് സാനിട്ടറി ഇൻസ്പെക്ടർ
7	ചാല	ഫോർജർ ആന്റ് ഹീറ്റ് ട്രീറ്റർ	മെക്കാനിക് കമ്പ്യൂട്ടർ ഹാർഡ്വെയർ
8	ധനുവച്ചപുരം	1. ഡീസൽ മെക്കാനിക്	1. മെക്കാനിക് കമ്പ്യൂട്ടർ ഹാർഡ്വെയർ
		2. എം. ആർ. ടി. വി.	2. മെക്കാനിക് കമ്പ്യൂട്ടർ ഇലക്ട്രോണിക്സ്
9	കോഴിക്കോട് (വനിത)	വാച്ച് ആന്റ് ക്ലോക്	1. ഫാഷൻ ടെക്നോളജി 1. മെക്കാനിക് കമ്പ്യൂട്ടർ ഹാർഡ്വെയർ
2	ഹ്രസ്വകാല കോഴ്സുകൾ		
	(6 മാസം ദൈർഘ്യമുള്ളവ)		
1	കണ്ണൂർ	എഫ്. എച്ച്. ടി.	ബിൽഡിംഗ് മെയിന്റനൻസ്.
2	കോഴിക്കോട്	കാർപെന്റർ	മെക്കാനിക് ഓട്ടോ ഇലക്ട്രിക്കൽ ആന്റ് ഇലക്ട്രോണിക്സ്
3	കോഴിക്കോട് (വനിത)	1. സ്റ്റെനോ (ഹിന്ദി)	ഫ്രണ്ട് ഓഫീസ് അസിസ്റ്റന്റ്
		2. സ്റ്റെനോ (ഇംഗ്ലീഷ്)	ഡാറ്റാ എൻട്രി ഓപ്പറേറ്റർ
4	കളമശ്ശേരി	എഫ്. എച്ച്. ടി.	ഡ്രൈവർ-കം-മെക്കാനിക്

LIBRARY ARCHIVES Kerala Legislative Assembly

(1)	(2)	(3)	(4)
5	പള്ളിക്കത്തോട്	1. സ്റ്റെനോ (ഇംഗ്ലീഷ്)	ഗ്രൗണ്ട് ഓഫീസ് അസിസ്റ്റന്റ്
6	കട്ടപ്പന	1. സ്റ്റെനോ (ഇംഗ്ലീഷ്)	ഗ്രൗണ്ട് ഓഫീസ് അസിസ്റ്റന്റ്
7	ചെങ്ങന്നൂർ	ഫോർമാൻ	മെക്കാനിക് ഓട്ടോ ഇലക്ട്രിക്കൽ ആന്റ് ഇലക്ട്രോണിക്സ്
8	കൊല്ലം (വനിത)	1. ഇലക്ട്രോണിക്സ്/ മെക്കാനിക്ക്	നെറ്റ്വർക്ക് ടെക്നീഷ്യൻ
		2. സ്റ്റെനോ (ഹിന്ദി)	ഡാറ്റാ എൻട്രി ഓപ്പറേറ്റർ
		3. സെക്രട്ടേറിയൽ പ്രാക്ടീസ്	ഗ്രൗണ്ട് ഓഫീസ് അസിസ്റ്റന്റ്
9	പാലക്കാട്	എഫ്. എച്ച്. ടി.	നെറ്റ്വർക്ക് ടെക്നീഷ്യൻ
10	ധനുവച്ചപുരം	1. ഫോർമാൻ	1. ഹെൽത്ത് സാനിട്ടറി ഇൻസ്പെക്ടർ
		2. എഫ്. എച്ച്. ടി.	2. ഡ്രൈവർ-കം-മെക്കാനിക്

അനുബന്ധം —XI

[8-7-2005-ലെ നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 99 (564)-ന്റെ ഉത്തരം ദയവായി കാണുക.]

1 വിതുര ഹൗസിംഗ് സഹകരണ സംഘം ക്ലിപ്തം, തിരുവനന്തപുരം.

2 അവണാകുഴി സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ 2387 തിരുവനന്തപുരം.

3 തിരുവനന്തപുരം താലൂക്ക് റബ്ബർ മാർക്കറ്റിംഗ് സഹകരണ സംഘം ക്ലിപ്തം.

4 ചെമ്പഴന്തി സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ 2350, തിരുവനന്തപുരം.

GPM. 2/573/2012—46

LIBRARY ARCHIVES Kerala Legislative Assembly